## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 953 | 29.09.2011 ൽ മറുപടിക്ക്

## കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.പി. മുഹമ്മദ് : | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമ വികസനവും, ആസൂത്രണവും,<br>സാംസ്കാരികകാര്യവും<br>വകുപ്പു മന്ത്രി) |
| (എ) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (എ) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുവാനായി പുസ്തക പ്രസിദ്ധീകരണത്തിന് നൂതന സ്കീമുകൾ ആവിഷ്കരിക്കുകയും പുസ്തക പ്രദർശനങ്ങൾ ഊർജിതപ്പെടുത്തുകയും ചെയ്തു. ഗ്രന്ഥകാരന്മാർക്കുള്ള മുടങ്ങിക്കിടക്കുന്ന പ്രതിഫല തുക നൽകിത്തുടങ്ങുകയും മുഖപത്രമായ വിജ്ഞാന കൈരളി ഓരോ ലക്കവും ഓരോ പതിപ്പായി പുറത്തിറക്കുകയും സർക്കുലേഷൻ വർദ്ധിപ്പിക്കുകയും ചെയ്തു. ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം പുനരാരംഭിക്കുവാൻ നടപടി സ്വീകരിച്ചു. ഗ്രന്ഥകാരന്മാർക്ക് റോയൽറ്റി നൽകുന്നതിനും കൂടുതൽ പുസ്തകങ്ങൾ പ്രസിദ്ധീകരിക്കാനുമുള്ള നടപടിയും സ്വീകരിച്ചുവരുന്നു. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് കോഴിക്കോട് പ്രാദേശിക കേന്ദ്രത്തിന് സ്വന്തമായി ഒരു കെട്ടിടം ലഭ്യമാക്കുന്നതിനും കണ്ണൂരിൽ ഒരു ബുക്ക്സ്റ്റാൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ സർക്കാരിന്റെ 100 ദിനകർമ്മപരിപാടിയോടനുബന്ധിച്ച് 141 പുസ്തകങ്ങൾ പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ബി) ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണങ്ങൾ ജനങ്ങൾക്ക് എളുപ്പത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ ? | (ബി) സ്വീകരിക്കുന്നതാണ്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്തും, കോഴിക്കോട്ടും പുസ്തകവില്പന ശാലകൾ ആരംഭിച്ചിട്ടുണ്ട്. പുസ്തക പ്രദർശന വിൽപ്പനകൾ നടത്തുന്നതിന് പുറമേ സഞ്ചരിക്കുന്ന പുസ്തകശാല വഴിയും പുസ്തകങ്ങൾ ജനങ്ങളിൽ എത്തിക്കുന്നുണ്ട്. കൂടാതെ കേരള ബുക്ക്മാർക്ക് സൊസൈറ്റിയുടെ ജില്ലാ വില്പനശാലകൾ ഡി.സി.ബുക്ക്സ്, കറന്റ് ബുക്സ്, മറ്റ് പ്രമുഖ ബുക്ക് ഏജൻസികൾ എന്നിവ വഴിയും ഇൻസ്റ്റിറ്റ്യൂട്ട് പുസ്തകങ്ങൾ ലഭ്യമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ